# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4380 — 21.03.2018-ൽ മറുപടിയ്ക്ക്

### വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളുടെ മോചനം

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ രാജ്യങ്ങളിൽ നിരവധി കാരണങ്ങളാൽ തടവിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ ; | (എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളുടെ മോചനം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന നിവേദനങ്ങളിൽ നിയമാനുസൃതമായ ഇടപെടലുകൾ നടത്തിവരുന്നു. |
| (ബി) ഇതിലൂടെ എത്രപേരുടെ മോചനം സാധ്യമായെന്ന് അറിയിക്കാമോ ; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ കൂടുതലായി നടത്തുവാൻ ആലോചിക്കുന്നു എന്ന് അറിയിക്കാമോ? | (സി) വിദേശരാജ്യങ്ങളിൽ നിയമ പ്രശ്നം നേരിടുന്ന പ്രവാസി മലയാളികൾക്ക് നിയമ സഹായങ്ങളും മറ്റ് ഉപദേശങ്ങളും നൽകുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതിയും, ദീർഘകാലം വിദേശരാജ്യങ്ങളിൽ മനപൂർവ്വമല്ലാത്ത കാരണങ്ങളാൽ ജയിൽ വാസം അനുഭവിച്ച് മോചിതരായ പ്രവാസിമലയാളികൾക്ക് സ്വന്തം നാട്ടിൽ എത്തുന്നതിനുള്ള വിമാനടിക്കറ്റ് നൽകുന്നതിന് 'സ്വപ്നസാഫല്യം' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ